LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അർബൻ ബാങ്കുകളും സംഘങ്ങളും

148 [602] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അർബൻ ബാങ്കുകളും സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്; ഇതിൽ റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് എത്ര ബാങ്കുകളാണ്;

(ബി) റിസർവ്വ് ബാങ്കിന്റെ ലൈസൻസില്ലാതെ രജിസ്റ്റർ ചെയ്ത സംഘങ്ങളെ സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ എത്ര കേസുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുകളിൽ കോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന അർബൻ ബാങ്കുകളുടെ മേൽ രജിസ്ട്രാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 159 സഹകരണ അർബൻ ബാങ്കുകൾ/സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 61 പ്രാഥമിക സഹകരണ ബാങ്കുകൾ ഭാരതീയ റിസർവ്വ് ബാങ്കിന്റെ ലൈസൻസോടുകൂടിയും ബാക്കി 98 എണ്ണം ലൈസൻസില്ലാതെയുമാണ് പ്രവർത്തിക്കുന്നത്.

(ബി) 29-11-2002-ൽ 34 ഒ.പി.-കളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പൊതുവായ വിധിന്യായത്തിനെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീലും, മറ്റ് 4 കേസുകളും ഇപ്പോൾ കോടതിയുടെ പരിഗണനയിലുണ്ട്.

(സി) 34 ഒ.പി.-കളിൽ 29-11-2002-ൽ വന്ന വിധിയാണ് ഈ വിഷയത്തിൽ ഏറ്റവും ഒടിവിലത്തേത്. ഈ വിധി പ്രകാരം 1969-ലെ കേരള സഹകരണ നിയമത്തിലെ 15(1)(എ)(ബി) പ്രകാരം രജിസ്റ്റർ ചെയ്തതിനുശേഷം അൺലൈസൻസ്ഡ് അർബൻ സഹകരണ ബാങ്കായി തരം തിരിച്ചത് ശരിയല്ലെന്നും ടി നിയമത്തിലെ വകുപ്പ് (2) (ഒ.ബി.) പ്രകാരമുള്ള പ്രാഥമിക സഹകരണ സംഘങ്ങളാണ് ഇവയെന്നും അഭിപ്രായപ്പെട്ടു. ഈ അപാകത നിവർത്തിക്കുന്നതിന് 1969-ലെ സഹകരണ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ സർക്കാരും സഹകരണ സംഘം രജിസ്ട്രാറും 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ ഭാരതീയ റിസർവ്വ് ബാങ്കും നിയമാനുസൃതമായ കാര്യങ്ങൾ നേരെയാക്കാൻ രണ്ടു മാസത്തിനകം നടപടി കൈക്കൊള്ളണമെന്നും അല്ലെങ്കിൽ ഇതിന്മേലുള്ള പരാതി ലഭിച്ച് 2 മാസത്തിനകം നടപടിയെടുക്കണമെന്നും നിർദ്ദേശിച്ചു.

(സി) 29-11-2002-ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം നിയമാനുസൃത കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി 30-12-2002-ൽ സഹകരണ വകുപ്പു സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് പുതിയതായി രജിസ്റ്റർ ചെയ്ത അൺലൈസൻസ്ഡ് അർബൻ ബാങ്കുകളെ അർബൻ സഹകരണ സംഘങ്ങളായി പരിവർത്തനം ചെയ്യാനും അതിൻ പ്രകാരം നിയമാവലികൾ ഭേദഗതി ചെയ്യാനും തീരുമാനിച്ചു. ഇതു നടപ്പാക്കാനായി ബന്ധപ്പെട്ടവർക്ക് രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

കാർഷികവികസന ബാങ്കും കാർഷിക ഗ്രാമവികസന ബാങ്കും

149 [603] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കാർഷികവികസന ബാങ്കുകൾ ഉണ്ടെന്നും, അവ ഓരോന്നിന്റെയും പ്രവർത്തന പരിധി ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവന്ന ഏതെങ്കിലും കാർഷികവികസന ബാങ്ക് ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനകം ലിക്വിഡേറ്റ് ചെയ്തവ ഏതൊക്കെയെന്നും; ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചത് ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെങ്കിലും കാർഷിക ഗ്രാമവികസന ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ അവ ഏതൊക്കെയെന്നും പുതുതായി രജിസ്റ്റർ ചെയ്ത എത്ര ബാങ്കുകൾക്ക് സംസ്ഥാന കാർഷികവികസന ബാങ്ക് അഫിലിയേഷൻ നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാന കാർഷികവികസന ബാങ്കിൽ അഫിലിയേഷനുള്ള പ്രൈമറി ബാങ്കുകളുടെ പേരും അഫിലിയേഷൻ നൽകിയ തീയതിയും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രാർ പ്രവർത്തനം അവസാനിപ്പിച്ച കാർഷിക ഗ്രാമവികസന ബാങ്കുകൾ ഏതെല്ലാമാണ്; ഏതെല്ലാം തീയതി മുതലാണ് പ്രവർത്തനം അവസാനിപ്പിച്ചത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly